പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3787 — 23.08. 2017 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) 40% പി.എസ്.സി ക്വാട്ട വഴി നിയമിക്കേണ്ട 14 ഒഴിവുകൾ, 10% By Transfer Appointment വഴി നിയമിക്കേണ്ട ക്വാട്ടയിൽ 2 ഒഴിവുകളും, 20% (ITI ക്വാട്ട) പ്രൊമോഷൻ വഴി നികത്തേണ്ട ക്വാട്ടയിൽ 153 ഒഴിവും, 30% (Diploma ക്വാട്ട) പ്രൊമോഷൻ വഴി നികത്തേണ്ട ക്വാട്ടയിൽ 53 ഒഴിവുകളും ഉണ്ട്. |
| (ബി) അസിസ്റ്റന്റ് എഞ്ചിനീയറുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനു ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന് വിശദീകരിക്കുമോ;<br>(സി) അസിസ്റ്റന്റ് എഞ്ചിനീയർ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരും മുമ്പ് പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കാമോ എന്നറിയിക്കുമോ ? | (ബി)&(സി) 20.06.2016 ൽ ആണ് പി.എസ്.സി യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പി.എസ്.സി വഴി നിയമിക്കേണ്ട 40% ക്വാട്ടയിലെ 14 ഒഴിവുകളും, 10% By Transfer Appointment വഴി നിയമിക്കേണ്ട ക്വാട്ടയിലെ 2 ഒഴിവുകളും, റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ